ക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) എഫ്.സി.ഐ.-യിൽനിന്നും അരിയും ഗോതമ്പും വിതരണത്തിന് എടുക്കുന്നതിനുമുമ്പ്, ജില്ലാ സപ്ലൈ ആഫീസർ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ജില്ലാ മാനേജർ, ക്വാളിറ്റി കൺട്രോളർ എന്നിവർ സംയുക്തമായി പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയശേഷമാണ് ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനായി തെരഞ്ഞെടുക്കുന്നത്.

(ബി) ഇല്ല.

ക്ഷേത്രങ്ങളോടനുബന്ധിച്ച് കോൺക്രീറ്റ് നിർമ്മാണങ്ങൾ

*12 [476] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാതന ക്ഷേത്രങ്ങളുടെ പൗരാണികതയും സ്വച്ഛതയും നശിപ്പിക്കുന്ന തരത്തിൽ ക്ഷേത്രത്തോടനുബന്ധിച്ച് കോൺക്രീറ്റ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് നിയന്ത്രിക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*:

(എ) തിരുവിതാംകൂർ, കൊച്ചി, കൂടൽമാണിക്യം, ഗുരുവായൂർ, മലബാർ തുടങ്ങിയ ദേവസ്വങ്ങളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലൊന്നും പൗരാണികതയും സ്വച്ഛതയും നശിപ്പിക്കുന്നതരത്തിൽ കോൺക്രീറ്റ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) നിലവിൽ ഇക്കാര്യത്തിൽ സർക്കാരിൽനിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. എന്നാൽ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെകീഴിലുള്ള ക്ഷേത്രങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ ഇക്കാര്യം നിഷ്കർഷിക്കാറുണ്ട്. പൊതുവായി ക്ഷേത്രങ്ങളുടെ നിർമ്മാണത്തിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ പരമാവധി ഒഴിവാക്കുന്നതാണ് അഭികാമ്യമെന്ന് ബന്ധപ്പെട്ടവരെ ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly